# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 916 11.03.2015 – ൽ മറുപടിക്ക്

## സമഗ്ര കുടിവെള്ള പദ്ധതി - താനൂർ നിയോജകമണ്ഡലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജകമണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കുമെന്ന് ധനകാര്യമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനായി ഈ സാമ്പത്തിക വർഷം അഞ്ച് കോടി രൂപ വിനി യോഗിക്കും എന്ന പ്രഖ്യാപനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എന്തൊക്കെ തുടർനടപടികളാണ് ഇതു സംബന്ധമായി ജലവിഭവ വകുപ്പിന്റെ ഭാഗത്തു നിന്നു ണ്ടായതെന്ന് വിശദമാക്കാമോ; | (സി) താനൂരിനും സമീപമുള്ള താനാളൂർ, നിറമരുതൂർ, ചെറിയമുണ്ടം, പൊൻമുണ്ടം പഞ്ചായത്തു കൾക്കും വേണ്ടി ഒന്നാം ഘട്ടമായി 7625 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അനുമതിയ്ക്കായി 2015-ലെ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഈ പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 2 ഏക്കറോളം ഭൂമി ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുനൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി എന്നത്തേയ്ക്ക് തുടക്കം കുറിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഭരണാനുമതി നൽകിയ ശേഷം പദ്ധതി പ്രവർത്തനം തുടക്കം കുറിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ